# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2641 — 10.12.2014 ൽ മറുപടിക്ക്

## ആശുപത്രികളിലെ ഓപ്പറേഷൻ തീയറ്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) ആശുപത്രികളിലെ ഓപ്പറേഷൻ തീയറ്ററുകളിൽ ഉപയോഗിക്കുന്ന ശസ്ത്രക്രിയാ ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും പൂർണ്ണമായും അണുവിമുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) എല്ലാ ആശുപത്രികളിലും, ഓപ്പറേഷൻ തീയറ്ററുകളിലും അണുവിമുക്തമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. അത് പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നത് സ്ഥാപന മേധാവികളാണ്. എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ, കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ എന്നിവയുടെ ഭാഗമായും ഇത്തരം കാര്യങ്ങൾ ശുഷ്കാന്തിയോടെ ഉറപ്പുവരുത്തുന്നു. ആശുപത്രി മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുകയും സ്റ്റാഫിനും മറ്റും ഇത് സംബന്ധിച്ച് ട്രെയിനിംഗുകളും കൃത്യമായ സൂപ്പർവിഷനും നടത്തുകയും ചെയ്തുവരുന്നു. |
| (ബി) ആശുപത്രികളിലും ഓപ്പറേഷൻ തീയറ്ററുകളിലും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക സമിതികൾക്ക് രൂപം നല്കിയിട്ടുണ്ടോ; | (ബി) ഉണ്ട്. എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ, കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ എന്നിവയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ ആശുപത്രികളിലും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. |
| (സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഇതിനായി പ്രത്യേക സമിതികൾ രൂപവത്കരിക്കുന്നകാര്യം പരിഗണിക്കുമോ ; | (സി) എല്ലാ ആശുപത്രികളിലും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. |
| (ഡി) സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ രോഗികൾക്ക് ശസ്ത്രക്രിയാ ഉപകരണങ്ങളിൽ നിന്നും മറ്റ് ആശുപത്രി സംവിധാനങ്ങളിൽ നിന്നും | (ഡി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർക്കും സ്ഥാപന മേധാവികൾക്കും ഗവൺമെന്റ് ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന IMEP (ഇൻഫക്ഷൻ മാനേജ്മെന്റ് ആന്റ് എൺവയോൺമെന്റൽ പ്രൊട്ടക്ഷൻ) അനുസരിച്ചുള്ള പരിശീലനങ്ങൾ റീജണൽ |

| | |
|---|---|
| അണുബാധ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | ലെവലിൽ നല്കിയിട്ടുണ്ട്. NABH, KASH അക്രഡിറ്റേഷൻ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ജീവനക്കാർക്ക് പരിശീലനം നല്കിയിട്ടുണ്ട്. ഇതു കൂടാതെ സ്ഥാപന മേധാവികൾ ആശുപത്രികളിൽ അണു വിമുക്തമാക്കിയ ശസ്ത്രക്രിയ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നു. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിലവിൽ നിയമമൊന്നുമില്ല. ആയതിനാൽ സ്വകാര്യ ആശുപത്രികൾ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ അണുവിമുക്തമാക്കണമെന്ന നിർദ്ദേശം നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ